(ബി) അടുത്ത പത്തുവർഷത്തിനുള്ളിൽ കേരളത്തിലെ തീരദേശത്തു നിന്നും പരിസ്ഥിതിക്ക് ദോഷമില്ലാത്ത എന്തുമാത്രം മണൽ നീക്കം ചെയ്യാൻ കഴിയും എന്ന് സർവെ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) സോയിൽ കൺസർവേഷൻ വകുപ്പിന്റെയോ സോയിൽ സർവേ വകുപ്പിന്റെയോ ശാസ്ത്രീയപരമായ പഠനം കൂടാതെ തീരദേശ മണൽ ഖനനം ചെയ്യുന്നത് ഉചിതമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അത്തരത്തിൽ ഒരു പഠനം സോയിൽ കൺസർവേഷൻ വകുപ്പിന്റെ പരിധിയിൽ വരാത്തതിനാൽ നടത്തിയിട്ടില്ല.

(ബി) കൃഷിവകുപ്പ് സർവേ നടത്തിയിട്ടില്ല.

(സി) പ്രസ്തുത വിഷയം സാങ്കേതിക പരിജ്ഞാനമുള്ള, കേന്ദ്ര സർക്കാരിന്റെ ആറ്റോമിക് എനർജി വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. അമിതമായ മണൽ ഖനനം പോലുള്ള പ്രവർത്തനങ്ങൾ മണ്ണൊലിപ്പ് മുതലായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിയൊരുക്കുമെന്നതിനാൽ പഠനത്തിൽ മണ്ണു സംരക്ഷണ വിഭാഗത്തെയും മണ്ണു സർവേ വിഭാഗത്തെയും കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

മിൽമയുടെ പാസ്ചുറൈസിംഗ് പ്ലാന്റുകൾ

85 (2534) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിൽമയുടെ പാസ്ചുറൈസിംഗ് പ്ലാന്റുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇനിയും എവിടെയെല്ലാം പ്ലാന്റുകൾ തുടങ്ങാൻ ഉദ്ദേശമുണ്ട് ;

(സി) ഇതിനു വേണ്ടിയുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	-	അമ്പലത്തറ
	കൊല്ലം	-	തേവള്ളി
	ആലപ്പുഴ	-	പുന്നപ്ര
	കോട്ടയം	-	വടവാതൂർ
	എറണാകുളം	-	തൃപ്പൂണിത്തുറ
	തൃശ്ശൂർ	-	രാമവർമ്മപുരം
	പാലക്കാട്	-	കല്ലേപ്പുള്ളി
	കോഴിക്കോട്	-	പെരിങ്ങളം
	കണ്ണൂർ	-	പള്ളിക്കുന്ന്
	കാസർകോട്	-	കാഞ്ഞങ്ങാട്

(ബി) പത്തനംതിട്ട, വയനാട്

(സി) പത്തനംതിട്ടയിൽ സ്ഥലം നിർണ്ണയത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വയനാട്ടിൽ പ്ലാന്റ് തുടങ്ങുവാനുള്ള ധനസഹായം കേന്ദ്ര ധനസഹായ പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾക്കൊള്ളിച്ച്, കേന്ദ്ര സർക്കാരിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്.

മിൽമയും മദർ ഡയറിയും തമ്മിലുള്ള കരാർ

86 (2535) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയും മദർ ഡയറിയും തമ്മിൽ ഏതെല്ലാം സംയുക്ത സംരംഭങ്ങൾക്കുള്ള കരാറിലാണ് ഒപ്പിട്ടിരിക്കുന്നത് ;

(ബി) ക്ഷീര കർഷകർക്ക് ഗുണകരമായ ഏതെല്ലാം പുതിയ പദ്ധതികളാണ് സംയുക്ത സംരംഭത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) മിൽമയുടെ നയപരമായ തീരുമാനം എടുക്കുന്നതിനുമുമ്പ് പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങാതിരുന്നത് നിലവിലുള്ള സഹകരണ ചട്ടങ്ങൾക്ക് വിരുദ്ധമായതുകൊണ്ട് അടിയന്തരമായി പൊതുയോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ ;